(എച്ച്) അപേക്ഷ പരിഗണനയിലാണ്.

(ഐ) അപേക്ഷ സമർപ്പിച്ചത് മരണമടഞ്ഞ ശ്രീ. സി. റവി. ശബരീശന്റെ ഭാര്യ ശ്രീമതി. റവി. കെ. കലയാണ്.

സംസ്ഥാനത്ത് ഉണ്ടായ തൊഴിൽ തർക്കങ്ങൾ

64 [2201] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെയായി സംസ്ഥാനത്താകെ എത്ര തൊഴിൽ തർക്കങ്ങളുണ്ടായിട്ടുണ്ടെന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ തൊഴിൽ തർക്കങ്ങൾ എത്ര തൊഴിലാളികളെയും എത്ര സ്ഥാപനങ്ങളെയും നേരിട്ട് ബാധിച്ചു;

(സി) ഇതിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സഹകാരി സ്ഥാപനങ്ങൾ എന്നിവ എത്രയെണ്ണത്തിൽ കക്ഷികളായിരുന്നു;

(ഡി) ഈ തൊഴിൽ തർക്കങ്ങളിൽ എത്രയെണ്ണം രമ്യമായി പരിഹരിക്കപ്പെട്ടുവെന്നും ഇനിയും എത്രയെണ്ണം പരിഹരിക്കപ്പെടാനുണ്ടെന്നും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വിശദമാക്കാമോ?

ഉത്തരം

(എ) 2001 മേയ് മാസം മുതൽ 2004 ഡിസംബർ വരെ 15268 തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. 2001 ഏപ്രിൽ വരെ 2212 തൊഴിൽ തർക്കങ്ങൾ പരിഹരിക്കാനുണ്ടായിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് തിട്ടപ്പെടുത്തിവരുന്നു.

(ബി, സി) കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

(ഡി) 2004 ഡിസംബർ വരെ 14759 തൊഴിൽ തർക്കങ്ങൾ പരിഹരിക്കപ്പെട്ടു. 2721 തൊഴിൽ തർക്കങ്ങൾ ഇനി പരിഹരിക്കപ്പെടാനുണ്ട്. 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ വകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥൻമാർ തർക്കങ്ങളിൽ ഇടപെട്ട് ഒത്തുതീർപ്പാക്കാറുണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് വേണ്ടിവരുന്നപക്ഷം എന്റെ സാന്നിദ്ധ്യത്തിലും ചർച്ചകൾ നടത്തി പ്രശ്നം പരിഹരിച്ചുവരുന്നുണ്ട്.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ

65 [2202] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ആകെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഒഴിവുകൾ ഏതുതീയതിമുതലാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ;

(സി) ഈ തസ്തികയുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) ഒഴിവുള്ള ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികകൾ പി. എസ്. സി.-- റിപ്പോർട്ടുചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇ. എസ്. ഐ. ഡയറക്ടർ ഈ ഒഴിവുകൾ റിപ്പോർട്ടു ചെയ്ത തീയതി വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ടു ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	ഇല്ല
കൊല്ലം	..	2
ആലപ്പുഴ	..	1
പത്തനംതിട്ട	..	ഇല്ല
കോട്ടയം	..	ഇല്ല
എറണാകുളം	..	1
തൃശ്ശൂർ	..	1
പാലക്കാട്	..	ഇല്ല
കോഴിക്കോട്	..	4
മലപ്പുറം	..	1
കണ്ണൂർ	..	1
ഇടുക്കി	..	ഇല്ല
കാസർകോട്	..	ഇല്ല

(ബി) ഒഴിവുകൾ നിലവിൽ വന്ന തീയതി:

കൊല്ലം	..	3-3-2003
ആലപ്പുഴ	..	31-7-2004
എറണാകുളം	..	31-1-2005
തൃശ്ശൂർ	..	30-6-2003
കോഴിക്കോട്	..	31-3-2005
മലപ്പുറം	..	27-2-2005
കണ്ണൂർ	..	6-7-2004

(സി) കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ഡി) കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ ഒഴിവുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്. മറ്റ് ഒഴിവുകൾ റിപ്പോർട്ടുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൊല്ലം ജില്ലയിലെ ഒഴിവുകൾ 23-9-2003-ലും ആലപ്പുഴ ജില്ലയിലേത് 4-7-2005-ലും തൃശ്ശൂർ ജില്ലയിലേത് 26-9-2003-ലും കോഴിക്കോട് ജില്ലയിലേത് 18-7-2005-ലും മലപ്പുറം ജില്ലയിലെ ഒഴിവുകൾ 8-7-2005-ലും പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) എറണാകുളം കണ്ണൂർ ജില്ലകളിലെ റിപ്പോർട്ടുചെയ്യാത്ത ഓരോ ഒഴിവുകൾ പി. എസ്. സി. റിപ്പോർട്ടുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലാളി സമരങ്ങൾ

66 [2203] ശ്രീ. ടി. കെ. ദേവകുമാർ:
,, കെ. കെ. ജയചന്ദ്രൻ:
,, പി. ജയരാജൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിലാളി സമരങ്ങളോടുള്ള ഈ സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ;

(ബി) തൊഴിൽ സമരങ്ങൾക്ക് ആസ്പദമായ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക എന്ന സമീപനം സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ വിഭാഗം തൊഴിലാളികൾ സമരം നടത്തിവരുന്നു; തൊഴിലാളികളുടെ സമരംമൂലം ഇപ്പോൾ ഏതെങ്കിലും വ്യവസായ സ്ഥാപനം അടച്ചുപൂട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) തൊഴിൽ മേഖലയിൽ അനുരഞ്ജന ചർച്ചകളിലൂടെ സമരങ്ങൾക്ക് ആസ്പദമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് ഗവൺമെന്റിന്റെ സമീപനം.

(ബി) ഉണ്ട്.

(സി) സമരംമൂലം സംസ്ഥാനത്ത് ഒരു വ്യവസായ സ്ഥാപനവും ഇപ്പോൾ അടച്ചു പൂട്ടിയിട്ടില്ല. എല്ലാ സമരങ്ങളും സമരപ്രഖ്യാപനങ്ങളും അനുരഞ്ജന ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്.

ഐ. ടി. മേഖലയിൽ തൊഴിലവസരങ്ങൾ

67 [2204] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒ. എ, ബി തലങ്ങളിലോ, സമാനയോഗ്യതകളിലോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരുടെ എണ്ണം വെബ്സൈറ്റ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly